നം.എ5.12601/റ്റി.സി/2011

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം,
തീയതി: 26.07.2011

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ്.- ജീവനകാര്യം- സർക്കാരിന്റെ 100 ദിവസത്തെ കർമ്മ പരിപാടി – ഫയൽ അദാലത്തുകൾ സംഘടിപ്പിക്കുന്നത് – സംബന്ധിച്ച്.

സൂചന:- സർക്കാർ കത്ത് നമ്പർ 9661/AR-14(2)/2011/P&ARD തീയതി.30.06.2011

കേരളത്തിലെ വിവിധ ആർ.ടി / സബ് ആർ.ടി. ഓഫീസുകളിൽ പൊതുജനങ്ങൾ സമർപ്പിച്ച ഡ്രൈവിംഗ് ലൈസൻസ് പുതുക്കൽ, വാഹനങ്ങളുടെ പേര് മാറ്റം, ഹൈപ്പോത്തിക്കേഷൻ ടെർമിനേഷൻ, ഡ്യൂപ്ലിക്കേറ്റ് ആർ.സി, അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന വാഹനങ്ങളുടെ പേര് / അഡ്രസ്സ് മാറ്റം തുടങ്ങിയവയുമായി ബന്ധപ്പെട്ട ആയിരക്കണക്കിന് അപേക്ഷകൾ കെട്ടികിടക്കുകയാണ്. കാലാകാലങ്ങളിൽ ഈ ഓഫീസുകളിൽ നിന്നും നൽകിയ നിർദ്ദേശങ്ങൾ അവഗണിക്കുന്നതുകൊണ്ടും കൗണ്ടറിൽ ഇരിക്കുന്ന ഉദ്യോഗസ്ഥർ അപേക്ഷകൾ കൃത്യമായി പരിശോധിക്കാത്തതു കൊണ്ടുമാണ് ഭൂരിഭാഗം അപേക്ഷകളും ഇങ്ങനെ ഓഫീസുകളിൽ കെട്ടികിടക്കേണ്ട അവസ്ഥ ഉണ്ടായിട്ടുള്ളത്. സംസ്ഥാന മന്ത്രിസഭ അധികാരം ഏറ്റെടുത്തപ്പോൾ പ്രഖ്യാപിച്ച 100 ദിവസത്തെ കർമ്മപരിപാടിയിൽ തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ തീർപ്പാക്കും എന്ന പ്രഖ്യാപനവും ഉൾ-പ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഓഫീസുകളിൽ തീർപ്പാക്കാതെകിടക്കുന്ന പൊതുജനങ്ങളുടെ അപേക്ഷകളിൽമേൽ അടിയന്തിര നടപടികൾ സ്വീകരിച്ച് അവ തീർപ്പാക്കേണ്ടതാണ്. ഇതിനുവേണ്ടി ആഗസ്റ്റ് 3,4,5 തീയതികളിൽ ഫയൽ

അദാലത്തുകൾ നടത്തേണ്ടതാണ്. അദാലത്തുകൾ സംബന്ധിച്ച് ദൃശ്യ ശ്രവ്യ അച്ചടിമാധ്യമങ്ങൾ വഴി പൊതുജനങ്ങളുടെ അറിവിലേക്കായി വാർത്തകൾ നൽകേണ്ടതും ഫയൽ തീർപ്പാക്കുന്നതിനായി പൊതുജനങ്ങൾ കൊണ്ടു വരേണ്ടതായ അത്യാവശ്യം വേണ്ട രേഖകൾ മാധ്യമങ്ങൾ വഴി അറിയിക്കേണ്ടതുമാണ്. വിവിധ സേവനങ്ങൾ നടത്തിയശേഷം പൊതുജനങ്ങൾക്ക് speed post/ Registered post വഴി ആർ.സി, ലൈസൻസ്, പെർമിറ്റ് തുടങ്ങിയവ ഉൾപ്പെടെയുള്ള അയച്ചുകൊടുത്ത തപാലുകളിൽ കൈപ്പറ്റാതെ ഓഫീസുകളിൽ തിരിച്ചുവന്ന തപാലുകളും അപേക്ഷകർക്ക് അയച്ചുകൊടുക്കാനായി തയ്യാറാക്കപ്പെട്ട രേഖകളും തിരിച്ചറിയൽ രേഖകളുമായി നേരിട്ട് ഹാജരാകുന്ന അപേക്ഷകർക്ക് അദാലത്തുകൾ വഴി നൽകേണ്ടതാണ്. ഇത് സംബന്ധിച്ചുള്ള അറിയിപ്പും മാധ്യമങ്ങൾ വഴി നൽകേണ്ടതാണ്. ഇത്തരം അദാലത്തുകൾക്ക് ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ നേതൃത്വപരമായ അദാലത്തുകളെ സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും അവരുടെ കീഴിലുള്ള ഓഫീസുകളിൽ നിന്നും ശേഖരിച്ച് ആഗസ്റ്റ് 5-)0 തീയതിക്കകം ഈ ഓഫീസിൽ എത്തിക്കേണ്ടതുമാണ്. മാത്രമല്ല ആഗസ്റ്റ് 9-)0 തീയതി നടക്കുന്ന ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ എന്നിവരുടെ കോൺഫറൻസിൽ എല്ലാ ഉദ്യോഗസ്ഥരും, അവരുടെ ഓഫീസിൽ നടത്തിയ ഫയൽ അദാലത്തിന്റെ വിശദാംശങ്ങൾ (പത്രവാർത്തയുടെ കോപ്പി ഉൾപ്പെടെ) താഴെ പറയുന്ന പ്രൊഫോർമയിൽ കൊണ്ടുവരേണ്ടതാണ്.

വിശ്വസ്തതയോടെ,
ഒപ്പ് /-
സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട്.

Annexure –A

| ക്രമ നമ്പർ | സേവനം | 30.06.2011-ൽ തീർപ്പാക്കാൻ ഉള്ള അപേക്ഷകളുടെ എണ്ണം (15.07.2011-വരെ ലഭിച്ച അപേക്ഷകളിൽ) | അദാലത്തുകളിൽ തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണം | അദാലത്തിന് ശേഷം തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം | അദാലത്തിൽ തീർപ്പാക്കാത്തതിനുള്ള കാരണം. |
|---|---|---|---|---|---|
| 1 | പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ | | | | |
| 2 | ഡ്യൂപ്ലിക്കേറ്റ് ആർ.സി. | | | | |
| 3. | ഹൈപ്പോത്തിക്കേഷൻ ടെർമിനേഷൻ | | | | |
| 4 | ആർ.സി.ബുക്കിന്റെ പേര്/ അഡ്രസ്സ് മാറൽ | | | | |
| 5. | മറ്റ് രജിസ്ട്രേഷൻ സംബന്ധമായ അപേക്ഷകൾ | | | | |
| 6. | പുതിയ ലൈസൻസ് | | | | |
| 7 | ലൈസൻസ് പുതുക്കൽ | | | | |
| 8 | മറ്റ് ലൈസൻസ് സംബന്ധമായ അപേക്ഷകൾ | | | | |
| 9. | പുതിയ പെർമിറ്റ് അപേക്ഷകൾ | | | | |
| 10. | പെർമിറ്റ് പുതുക്കൽ | | | | |
| 11 | മറ്റ് പെർമിറ്റ് സംബന്ധമായ അപേക്ഷകൾ | | | | |
| 12 | മറ്റുള്ള അപേക്ഷകൾ | | | | |
| 13. | ആകെ. | | | | |

Annexure –B

| ക്രമ നമ്പർ | പോസ്റ്റ് ഓഫീസ് അധികാരികളിൽ നിന്നും കൈപ്പറ്റാതെ തിരിച്ചുവന്ന ആർ.സി / ലൈസൻസ് / പെർമിറ്റ് (30.06.2011 വരെ) | അയയ്ക്കുന്നതിനായി അദാലത്ത് വഴി അപേക്ഷകർക്ക് നേരിട്ട് നൽകിയ ആർ.സി / ലൈസൻസ്/ പെർമിറ്റ് എണ്ണം | അദാലത്തിന് ശേഷം അവശേഷിക്കുന്ന ആർ.സി/ ലൈസൻസ് /പെർമിറ്റ് എന്നിവയുടെ എണ്ണം | 30.06.2011-ലെ അപേക്ഷകൾക്കായി അയച്ചുകൊടുക്കാൻ തയ്യാറാക്കിയ ആർ.സി/ ലൈസൻസ് / പെർമിറ്റ് | E-കോളത്തിൽ ഉള്ള അപേക്ഷകളിൽ അദാലത്തുകൾ വഴി നൽകിയ ആർ.സി/ ലൈസൻസ്/ പെർമിറ്റ് എന്നിവയുടെ എണ്ണം |
|---|---|---|---|---|---|
| A | B | C | D | E | F |
| | | | | | |